**"ഭരണഭാഷ-മാതൃഭാഷ"**
**വ്യാവസായിക പരിശീലനവകുപ്പ്**
**(കേരളസംസ്ഥാനം)**

തൊഴിൽ ഭവൻ, തിരുവനന്തപുരം
നമ്പർ: തീയതി: 29/07/2019

**വിജ്ഞാപനം**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് ജൂലൈ 2019 (സപ്ലിമെന്ററി) – ഒന്ന് രണ്ട് മൂന്ന് നാല് സെമസ്റ്റർ പരീക്ഷകൾ മുമ്പ് എഴുതി പരാജയപ്പെട്ട ട്രെയിനികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

എസ്.സി.വി.ടി. ട്രേഡ് ടെസ്റ്റ് ജൂലൈ 2019 ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ (സപ്ലിമെന്ററി) ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് നിശ്ചിത ഫാറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

2013 ആഗസ്റ്റ് സെഷനിൽ പ്രവേശനം നേടിയ ട്രെയിനികളുടെ ഒന്നാം സെമസ്റ്റർ അവസരം ജൂലൈ 2018 പരീക്ഷയോടുകൂടി അവസാനിച്ചു. 2013 ആഗസ്റ്റ് സെഷനിൽ പ്രവേശനം നേടി രണ്ട്, മൂന്ന്, നാല് സെമസ്റ്റർ പരീക്ഷകൾ മുമ്പ് എഴുതി പരാജയപ്പെട്ട ട്രെയിനികൾക്കും, 2014 ആഗസ്റ്റ് സെഷൻ മുതൽ ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ പരീക്ഷകൾ എഴുതി മുമ്പ് പരാജയപ്പെട്ട്,തുടർച്ചയായ 5 വർഷത്തിനുള്ളിൽ ആകെ 5 അവസരങ്ങൾ വിനിയോഗിക്കാത്ത ട്രെയിനികൾക്കും എസ്.സി.വി.ടി. ട്രേഡ് ടെസ്റ്റ് ജൂലൈ 2019 ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ (സപ്ലിമെന്ററി) ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് നിശ്ചിത ഫാറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു. 2013 ആഗസ്റ്റ് അഡ്മിഷൻ മുതലാണ് സെമസ്റ്റർ സമ്പ്രദായം ആരംഭിച്ചത്. സെമസ്റ്റർ സ്കീമിൽ ട്രേഡ് ടെസ്റ്റ് എഴുതി പാസാകുന്നതിന് തുടർച്ചയായ 5 (അഞ്ച്) വർഷത്തിനുള്ളിൽ ആകെ 5 (അഞ്ച്) അവസരങ്ങളാണ് അനുവദിക്കുന്നത്. ആയത് പ്രകാരം ആദ്യ അവസരത്തിനുപുറമേ നാല് അധിക അവസരങ്ങൾ ആണ് പരീക്ഷ എഴുതാൻ അനുവദിക്കുന്നത്. ഇപ്രകാരം ഓരോ സെമസ്റ്ററിനും അഞ്ച് അവസരങ്ങൾ വിനിയോഗിച്ചവർക്ക് തുടർന്ന് പരീക്ഷ എഴുതാൻ അവസരം ഉണ്ടായിരിക്കുന്നതല്ല. (2013 ആഗസ്റ്റ് സെഷനിൽ പ്രവേശനം നേടിയ ട്രെയിനികളുടെ ഒന്നാം സെമസ്റ്റർ അവസരം ജൂലൈ 2018 പരീക്ഷയോടുകൂടി അവസാനിച്ചു.) ഓരോ സെമസ്റ്ററിനും പ്രത്യേകം അപേക്ഷയും അതാത് സെമസ്റ്ററിനു നിശ്ചയിച്ചിട്ടുള്ള അപേക്ഷാ ഫീസും ആവശ്യമാണ്.

"0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ 170/-രൂപ ഒടുക്കിയ അസ്സൽ ചെലാൻ, അപേക്ഷകരുടെ രണ്ട് പകർപ്പ്, എസ്.എസ്.എൽ.സിയുടെ കോപ്പി, റീ-അഡ്മിഷൻ നേടിയ ട്രെയിനിയാണെങ്കിൽ റീ-അഡ്മിഷൻ നേടിയ ഉത്തരവിന്റെ പകർപ്പ്, മുൻപ് അവർ പങ്കെടുത്ത പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് ഷീറ്റിന്റെ പകർപ്പ്, സെമസ്റ്റർ പരീക്ഷ എഴുതിയ ഹാൾടിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം 14-08-2019 വൈകുന്നേരം 4 മണിക്ക് മുൻപായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

MADHAVAN P K, ADT DTTVPM, O/O ADT DTTVPM

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

//അംഗീകാരത്തോടെ//

എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

ട്രേഡ് ടെസ്റ്റ് ഓഫീസർ

പകർപ്പ്:- 1. ഡി.റ്റിയുടെ സി .എ/ എ.ഡി.റ്റി/ സ്പെഷ്യൽ ഓഫീസർ (എസ്.റ്റി.ഐ), എസ്.ഡി.പി. (എസ്.പി.ഐ.യു), ജെ.ഡി.റ്റി. / ജെ.ഡി. (ആർ.ജെ.ഡി. കണ്ണൂർ)
2. ഡി.എസ്.എ, ഡി.ഡി.റ്റി, ഡി.ഡി.പി, എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാർക്കും, റ്റി.റ്റി.ഒ, എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും, എസ്.എസ്.(ജി), കരുതൽഫയൽ (ജി3)
3. വകുപ്പ് വെബ്സൈറ്റിലേക്ക്

"ഭരണഭാഷ-മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 29/07/2019

നമ്പർ:DT/4340/2019-G3

**<u>നിർദ്ദേശങ്ങൾ</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് (സപ്ലിമെന്ററി) ജൂലൈ 2019 - ട്രെയിനികൾ അപേക്ഷകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

2013 ആഗസ്റ്റ് സെഷനിൽ പ്രവേശനം നേടിയ ട്രെയിനികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിനുള്ള അവസരം ജൂലൈ 2018 പരീക്ഷയോടുകൂടി അവസാനിച്ചു. 2013 ആഗസ്റ്റ് സെഷനിൽ പ്രവേശനം നേടി രണ്ട്, മൂന്ന്, നാല് സെമസ്റ്റർ പരീക്ഷകൾ മുമ്പ് എഴുതി പരാജയപ്പെട്ട ട്രെയിനികൾക്കും, 2014 ആഗസ്റ്റ് സെഷൻ മുതൽ ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ പരീക്ഷകൾ എഴുതി മുമ്പ് പരാജയപ്പെട്ട് തുടർച്ചയായ 5 വർഷത്തിനുള്ളിൽ ആകെ 5 അവസരങ്ങൾ വിനിയോഗിക്കാത്ത ട്രെയിനികൾക്കും എസ്.സി.വി.ടി. ട്രേഡ് ടെസ്റ്റ് ജൂലൈ 2019 ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ (സപ്ലിമെന്ററി) ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിന് നിശ്ചിത ഫാറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

<u>സെമസ്റ്റർ സ്കീമിൽ ട്രേഡ് ടെസ്റ്റ് എഴുതി പാസാകുന്നതിന് തുടർച്ചയായ 5 വർഷത്തിനുള്ളിൽ ആകെ 5 അവസരങ്ങളാണ് അനുവദിക്കുന്നത്. ആയത് പ്രകാരം ആദ്യ അവസരത്തിനുപുറമേ നാല് അധിക അവസരങ്ങൾ ആണ് പരീക്ഷ എഴുതാൻ അനുവദിക്കുന്നത് . ഇത്തരത്തിൽ അഞ്ച് അവസരങ്ങൾ വിനിയോഗിക്കാത്ത ട്രെയിനികൾക്ക് മാത്രമേ ടി വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.</u>

എസ്.സി.വി.റ്റി. ട്രേഡുകളിൽ ഓരോ സെമസ്റ്ററിലേയും റഗുലർ പരീക്ഷകളിലോ തുടർന്നു നടന്ന സപ്ളിമെന്ററി പരീക്ഷകളിലോ പങ്കെടുത്ത് പരാജയപ്പെട്ട ട്രെയിനികളായിരിക്കണം അതാതു സെമസ്റ്റർ സപ്ളിമെന്ററി പരീക്ഷയിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

സെമസ്റ്റർ (സപ്ളിമെന്ററി) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികൾ മുൻപ് അവർ പങ്കെടുത്ത പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് ഷീറ്റിന്റെ പകർപ്പ് (ഉദാ.- ഒന്നാം സെമസ്റ്ററിന് അപേക്ഷിക്കുന്നവർ മുൻപ് ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് ഷീറ്റിന്റെ പകർപ്പ്, രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികൾ മുൻപ് രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് ഷീറ്റിന്റെ പകർപ്പും എന്ന രീതിയിൽ ) കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം മാർക്ക് ഷീറ്റിന്റെ പകർപ്പുകൂടി ഉള്ളടക്കം ചെയ്യാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

"0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ- റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ 170/-രൂപ ഒടുക്കിയ അസ്സൽ ചെലാൻ സഹിതം പൂരിപ്പിച്ച അപേക്ഷകൾ <u>14-08-2019 വൈകുന്നേരം 4.00 മണിക്ക്</u> മുൻപായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിയ്ക്കേണ്ടതാണ്. അപേക്ഷകളുടെ രണ്ട് പകർപ്പുകളാണ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിയ്ക്കേണ്ടത്. ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുന്നതോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തുന്നതോ അല്ല. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന ട്രെയിനികൾ 100/ രൂപ ജാമ്യനിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിന് മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിനു ശേഷം ബാദ്ധ്യതകൾ ഉണ്ടാക്കിയിട്ടില്ലാത്തപക്ഷം പ്രസ്തുത ജാമ്യ തുക തിരികെ നൽകുന്നതുമാണ് . ഒരു വിഷയത്തിനായാലും ആകെ വിഷയങ്ങൾക്കായാലും പരീക്ഷാഫീസിനത്തിൽ അടയ്ക്കേണ്ട തുകയിൽ മാറ്റമില്ല. പരീക്ഷാഫീസിനത്തിൽ അടയ്ക്കേണ്ട തുക 170/- രൂപയാണ്.

സെമസ്റ്റർ റഗുലർ പരീക്ഷയിൽ പങ്കെടുക്കാതെ ആദ്യമായി പരീക്ഷ എഴുതുന്ന ട്രെയിനികളാണെങ്കിൽ ടി പരീക്ഷയിൽ പങ്കെടുക്കാൻ അനുവദിച്ചുകൊണ്ട് ട്രെയിനിംഗ് ഡയറക്ടർ നൽകിയ ഉത്തരവിന്റെ പകർപ്പ് കൂടി ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

പരിശീലനം പൂർത്തതിയാക്കിയ സർക്കാർ ഐ.ടി.ഐയിലാണ് അപേക്ഷകൾ സമർപ്പിയ്ക്കേണ്ടത്. പരീക്ഷാകേന്ദ്രം യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല . എല്ലാ വിവരങ്ങളും ഉൾപ്പെട്ട പൂരിപ്പിച്ച അപേക്ഷകൾ 14.08.2019 ന് വൈകുന്നേരം 4 മണിക്ക് മുൻപായി ബന്ധപ്പെട്ട ഐ .ടി.ഐ പ്രിൻസിപ്പാൾമാർക്ക് സമർപ്പിയ്ക്കണം. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്നതോ അപൂർണ്ണമായതോ, എസ്.എസ്.എൽ.സിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യാത്തതോ അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതോ, ചെലാന്റെ അസ്സൽ പകർപ്പ് ഇല്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

പരീക്ഷയുടെ തീയതിയും സമയവും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ മുഖാന്തിരം ട്രെയിനികളെ അറിയിക്കുന്നതായിരിക്കും.

ഏതെങ്കിലും വിഷയത്തിന്റെ ഉത്തരക്കടലാസ്സിൽ ട്രെയിനി സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി ആബ്സന്റായി പരിഗണിച്ച് ഫലപ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തുന്ന ഉത്തരക്കലാസ്സുകൾ മൂല്യനിർണ്ണയം നടത്തുന്നതല്ലായെന്ന് അറിയിക്കുന്നു. ആയതിനാൽ റോൾ നമ്പറുകൾ ഉത്തരക്കടലാസ്സിൽ ശരിയായി രേഖപ്പെടുത്തുവാൻ ട്രെയിനികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിജ്ഞാപനത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃക പ്രകാരമുള്ള എ 4 സൈസിലുള്ള അപേക്ഷാഫാറത്തിൽ വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. നിശ്ചിത മാതൃകയിൽ സമർപ്പിയ്ക്കാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

(ഒപ്പ്)

MADHAVAN P K, ADT DTTVPM, O/O ADT

DTTVPM

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

എല്ലാ ട്രെയിനികൾക്കും ( ബന്ധപ്പെട്ട പ്രിൻസിപ്പാൾ മുഖാന്തിരം)

//അംഗീകാരത്തോടെ //

ട്രേഡ് ടെസ്റ്റ് ഓഫീസർ

"ഭരണഭാഷ-മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 29/07/2019

നമ്പർ:DT/4340/2019-G3

**നിർദ്ദേശങ്ങൾ**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് (സപ്ലിമെന്ററി) ജൂലൈ 2019 - ഒന്ന് രണ്ട് മൂന്ന് നാല് സെമസ്റ്റർ പരീക്ഷകൾ മുമ്പ് എഴുതി പരാജയപ്പെട്ടതുമായ ട്രെയിനികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുമ്പോൾ ബന്ധപ്പെട്ടപ്രിൻസിപ്പാൾമാർ കൈക്കോളേണ്ട നടപടിക്രമങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച്

ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിൻ മേൽ ശുപാർശ ചെയ്യുന്നതിന് മുൻപ് താഴെ പറയുന്ന നടപടിക്രമങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്.

1. സെമസ്റ്റർ സ്കീമിൽ ട്രേഡ് ടെസ്റ്റ് എഴുതി പാസാകുന്നതിന് തുടർച്ചയായ 5 (അഞ്ച്) വർഷത്തിനുള്ളിൽ ആകെ 5 (അഞ്ച്) അവസരങ്ങളാണ് അനുവദിക്കുന്നത്. ആയത് പ്രകാരം ആദ്യ അവസരത്തിനുപുറമേ നാല് അധിക അവസരങ്ങൾ ആണ് പരീക്ഷ എഴുതാൻ അനുവദിക്കുന്നത് . ഇപ്രകാരം ഓരോ സെമസ്റ്ററിനും അഞ്ച് അവസരത്തിലധികം വിനിയോഗിച്ചിട്ടില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

2. 2013 ആഗസ്റ്റ് സെഷനിൽ പ്രവേശനം നേടിയ ട്രെയിനികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിനുള്ള അവസരം ജൂലൈ 2018 പരീക്ഷയോടുകൂടി അവസാനിച്ചു. 2013 ആഗസ്റ്റ് സെഷനിൽ പ്രവേശനം നേടി രണ്ട്, മൂന്ന്, നാല് സെമസ്റ്റർ പരീക്ഷകൾ മുമ്പ് എഴുതി പരാജയപ്പെട്ട ട്രെയിനികൾക്കും, 2014 ആഗസ്റ്റ് സെഷൻ മുതൽ ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ പരീക്ഷകൾ എഴുതി മുമ്പ് പരാജയപ്പെട്ട ട്രെയിനികളെ മാത്രമേ സെമസ്റ്റർ സപ്ളിമെന്ററി പരീക്ഷയ്ക്ക് പരിഗണിക്കാവൂ.

3. തുടർച്ചയായി 5 അവസരങ്ങൾ വിനിയോഗിക്കാത്ത ട്രെയിനികളുടെ അപേക്ഷ മാത്രമേ സെമസ്റ്റർ സപ്ളിമെന്ററി പരീക്ഷയ്ക്ക് പരിഗണിക്കാവൂ. ഇത് പ്രത്യേകം ഉറപ്പാക്കേണ്ടതാണ്. തുടർച്ചയായ അഞ്ച് അവസരങ്ങൾ വിനിയോഗിച്ചിട്ടില്ല എന്നുള്ള വിവരം ഉൾപ്പെടുത്തിയ ഒരു സാക്ഷ്യപത്രം (അനുബന്ധം-2) തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. (ഓരോ സെമസ്റ്ററിനും പ്രത്യേകം പ്രത്യേകം അനുബന്ധം).

4. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കാവൂ.

5. അപേക്ഷകളിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ട്രെയിനികൾ പൂരിപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.

6. ട്രെയിനിയുടെ എസ്.എസ്.എൽ.സി യുടെ പകർപ്പ്, സെമസ്റ്റർ റഗുലർ പരീക്ഷയിൽ പങ്കെടുക്കാതെ ആദ്യമായി സപ്ലിമെന്ററി പരീക്ഷ എഴുതുന്ന ട്രെയിനികളാണെങ്കിൽ ടി പരീക്ഷയിൽ പങ്കെടുക്കാൻ അനുമതി നല്കിയ ഉത്തരവിന്റെ പകർപ്പ് നിശ്ചിത ഫീസ് ഒടുക്കിയതിന്റെ അസ്സൽ പതിപ്പ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.

7. അതാത് സെമസ്റ്റർ റഗുലർ പരീക്ഷകളിൽ പങ്കെടുത്ത മാർക്ക് ഷീറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.

ട്രെയനികളുടെ അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ 17.08.2019 ന് വൈകുന്നേരം 5 മണിക്ക് മുൻപായി നോഡൽ ഐ.ടി.ഐ. കളിൽ എത്തിക്കേണ്ടതാണ്. വിജ്ഞാപനത്തിനൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ഹാൾടിക്കറ്റ് മതിയായ രേഖപ്പെടുത്തലുകൾ വരുത്തി അപേക്ഷകൾക്കൊപ്പം സമർപ്പിക്കേണ്ടതാണ്. കൂടാതെ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ട്രെയിനികളുടെ വിവരങ്ങൾ ഇതോടൊപ്പമുള്ള എക്സൽ ഫോർമാറ്റ് മാതൃകയിൽ (സി ഡി യിൽ ) തയ്യാറാക്കി റോൾ ലിസ്റ്റ് ഉൾപ്പെടെ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതാണ്. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുന്ന ട്രെയിനികളുടെ വിവരങ്ങൾ കൺസോളിഡേറ്റ് ചെയ്ത് (സി ഡി യിൽ ) റോൾ ലിസ്റ്റ് ഉൾപ്പെടെ പരീക്ഷാ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്.

അപേക്ഷ സമർപ്പിച്ചിട്ടുള്ള ട്രെയിനികളുടെ വിവരങ്ങൾ സെമസ്റ്റർ പ്രകാരം ട്രേഡ് തിരിച്ച് താഴെ പറയുന്ന മാതൃകയിൽ പട്ടികയായി കൈമാറേണ്ടതാണ്.

അനുബന്ധം-1

ഐ.ടി.ഐ യുടെ പേര് സെമസ്റ്റർ

| ക്രമ നം. | ട്രെയിനിയുടെ പേര് | ട്രേഡ് | ചെലാൻ നമ്പർ | തുക |
|---|---|---|---|---|
| | | | | |
| | | | | |

(ഓഫീസ് മുദ്ര) പ്രിൻസിപ്പാളിന്റെ ഒപ്പ്

പേര്

**<u>പരിശോധനാ സർട്ടിഫിക്കറ്റ്</u>**

"മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനികളുടെ അപേക്ഷകൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിച്ചിട്ടുള്ള നിർദ്ദേശ

പ്രകാരം സൂക്ഷ്മമായി പരിശോധിക്കുകയും എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ട്രെയിനികളെ ഒന്ന്/രണ്ട്/മൂന്ന്/നാല് സെമസ്റ്റർ സപ്ളിമെന്ററി പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിന് അനുമതി നൽകാമെന്ന് ശുപാർശ ചെയ്യുന്നു"

(ഓഫീസ് മുദ്ര) പ്രിൻസിപ്പാളിന്റെ ഒപ്പ്

പേര്

ഔദ്യോഗിക മേൽവിലാസം

തീയതി:

സ്ഥലം

ടി വിവരങ്ങൾ ലഭിച്ചാൽ മാത്രമേ ട്രെയിനികൾക്ക് ഹാൾടിക്കറ്റ് അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും ട്രെയിനിയ്ക്ക് ടി വിവരങ്ങൾ ലഭിക്കാത്ത കാരണത്താൽ ഹാൾടിക്കറ്റ് അനുവദിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഐ .ടി.ഐ പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇപ്രകാരം കൈപ്പറ്റുന്ന അപേക്ഷകളും, ട്രെയിനികളുടെ വിവരങ്ങളടങ്ങിയ സി .ഡി, അനുബന്ധം 1 പ്രകാരമുള്ള ഫോർമാറ്റും പ്രത്യേക ദൂതൻ മുഖാന്തിരം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ 19.08.2019 ന് വൈകുന്നേരം 5.00 മണിക്ക് മുൻപായി ട്രെയിനിംഗ് ഡയറക്ടറേറ്റ് പരീക്ഷാ വിഭാഗത്തിൽ എത്തിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തരുതെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

(ഒപ്പ്)

**MADHAVAN P K, ADT DTTVPM, O/O ADT DTTVPM**

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

പകർപ്പ്:- 1. ഡി.റ്റിയുടെ സി.എ/ എ.ഡി.റ്റി/ സ്പെഷ്യൽ ഓഫീസർ (എസ്.റ്റി.ഐ), എസ്.ഡി.പി. (എസ്.പി.ഐ.യു), ജെ.ഡി.റ്റി. / ജെ.ഡി. (ആർ.ജെ.ഡി. കണ്ണൂർ)
2. ഡി.എസ്.എ, ഡി.ഡി.റ്റി, ഡി.ഡി.പി, എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും, റ്റി.റ്റി.ഒ, എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും, എസ്.എസ്.(ജി), കരുതൽഫയൽ (ജി)
3. വകുപ്പ് വെബ്സൈറ്റിലേക്ക്

// ഉത്തരവിൻ പ്രകാരം //

ഹെഡ് ക്ലാർക്ക് / ഓഫീസർ

<u>അനുബന്ധം-2</u>

<u>സാക്ഷ്യപത്രം</u>

2013 ആഗസ്റ്റിൽ അഡ്മിഷനായ ട്രെയിനികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിനുള്ള അവസാന അവസരം ജൂലൈ 2018 പരീക്ഷയോടുകൂടി അവസാനിച്ചിട്ടുള്ളതായും, ഓരോ സെമസ്റ്റർ പരീക്ഷ എഴുതുന്നതിനും തുടർച്ചയായ അഞ്ച് വർഷത്തിനുള്ളിൽ ആകെ 5 (അഞ്ച്) അവസരങ്ങളാണ് അനുവദിക്കുന്നത് എന്ന് എനിക്ക് ഉത്തമ ബോധ്യമുണ്ട്. ആയത് പ്രകാരം ആഗസ്റ്റ് 2013 ൽ അഡ്മിഷനായ ഒന്നാം സെമസ്റ്റർ ട്രെയിനികളുടെ അപേക്ഷയോ, തുടർച്ചയായ അഞ്ച് വർഷത്തിനുള്ളിൽ ആകെ 5 അവസരങ്ങൾ വിനിയോഗിച്ചിട്ടുള്ള ട്രെയിനികളുടെ അപേക്ഷയോ, ടി വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ചതുമായ ട്രെയിനികളിൽ ആരുംതന്നെ ഉൾപ്പെട്ടിട്ടില്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പ്രിൻസിപ്പാളിന്റെ ഒപ്പ്:

പേര്:

ഔദ്യോഗിക മേൽ വിലാസം:

# APPLICATION FOR SCVT TRADE TEST JULY 2019
# SUPPLIMENTARY, SEMESTER- I/II/III/IV

1. Name of ITI where the trainee has undergone training

2. Trade

3. Name of Applicant (IN BLOCK LETTERS) (as in SSLC Book)

4 Full Address

5 Name of Father/ Guardian (In Block Letters)

6 Date of Birth (as in SSLC Book)

7. Category (To be indicated with Tick mark)

| Gen | SC | ST | OBC |
|---|---|---|---|
| | | | |

8 Male/Female.

Affix Photograph attested by Principal

| M |
|---|
| F |

9 Roll Number (Semester)

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|

10 Period of Training (if re-admitted Mention period of re-admission and order must be attached)
: From August....................................
: To July.............................................

**11. Details of subjects passed in the (I/II/III/IV) Semester:**

| **Sl. No.** | **Paper** | **Roll No.** | **Month** | **Year** | **Marks obtained in Written Test (Excluding Sessional Marks)** | **Sessional Marks of passed Subjects** |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

**12. Details of failed subjects:**

| **Sl. No.** | **Paper** | **Roll No.** | **Month& Year** | **Sessional Marks of each failed Subjects** |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

**Date:**

**Name and Signature of the Applicant**

## DECLARATION

I do hereby declare that the information furnished above are true to the best of my knowledge and belief. I do understand that I have only six chances to appear for the test within a period of three years on completion of my training. Also I agree to attend the Trade Test at the centre allotted by the Director of Training and also aware that I should secure 80% of the attendance to appear the Trade Test.

Date:

Name & Signature of the Applicant.

## VERIFICATION REPORT OF THE PRINCIPAL

(i) Details of remittance of fees Chalan No. & Date : (In the case of Pvt. ITI Chalan Name of Treasury :
in original to be attached with Amount :
the application).

(ii) Admission Number with Date,
Period of Training (If re- admission, :
mention the details) .

(iii) Total number of Trainees admitted
in the Trade as per admission closing list :

(iv) Serial number of applicant :
in the admission closing list

I hereby certify that the details furnished by the candidate are correct as per the office records. I declare that the candidate has acquired the required training from SCVT trade/ unit and his admission has been closed and his chance for passing the test has not been completed.

The character of the trainee is........................................

Signature of the Principal

Place:
Date: (Office Seal)

N.B.:- The details in Column 1 to 15 of the trainee should be verified by the Principal of Govt/Pvt ITI and then carefully fill the above columns (i) to (iv). Without the above details the application will be rejected without any notice.

## Directorate Verification

1. Fee remitted :
2. Admission closing list :

**Deputy Director of Training**